# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.4228 — 24/10/16-ൽ മറുപടിക്ക്

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ നവീകരണം

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) കേരളത്തിലെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനെ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; | എ) വകുപ്പിന്റെ ആധുനികവൽക്കരണ ത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) (a) ദേശീയ തലത്തിൽ നാഷണൽ സിവിൽ ഡിഫൻസ് അക്കാദമിയിലും സംസ്ഥാനതല തലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലും ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം ആരംഭിച്ചു.<br>(b) ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം ആരംഭിച്ചു.<br>2) അഗ്നിരക്ഷാ പരിശീലന അക്കാദമി യിലെ വിവിധ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്ക്കരിച്ചു.<br>3) അസിസ്റ്റന്റ് സ്റ്റേഷൻ ആഫീസർ കോഴ്സ്, ലീഡിംഗ് ഫയർമാൻ കോഴ്സ്, ഡ്രൈവർ മെക്കാനിക്ക് കോഴ്സ്, ഡ്രൈവർ മെക്കാനിക്ക് എലിജിബിലിറ്റി കോഴ്സ് തുടങ്ങിയ പരിശീലന പരിപാടികൾ കൂടുതൽ ജീവനക്കാർക്ക് നൽകിവരുന്നു.<br>4) വെള്ളത്തിനടിയിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനായി സ്കൂബാ ഡൈവിംഗിൽ പുതിയ ബാച്ചുകൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു.<br>5) അഗ്നിശമന പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും അപകടകരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും സ്റ്റാന്റേർഡ് ഓപ്പറേഷണൽ പ്രൊസിഡ്യുയർ തയ്യാറാക്കി വരുന്നു.<br>6) അഗ്നിരക്ഷാ പരിശീലന അക്കാദമിയിലും തിരുവനന്തപുരം അഗ്നിരക്ഷാ വകുപ്പ് നടത്തുന്ന നീന്തൽക്കുളത്തിലുമായി നീന്തൽ പരിശീലനത്തിന് സൗകര്യം ഉണ്ടാക്കി. |

7) അടിസ്ഥാന പരിശീലനം നടത്തുന്ന ജീവനക്കാർക്ക് മുങ്ങൽ പരിശീലനം നിർബന്ധമാക്കി. ആയതിന് തീവ്ര പരിശീലനം നടത്തിവരുന്നു.

8) വിയ്യൂർ ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ വിപുലീകരണത്തിനായി നിലവിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ബി) കൂടുതൽ ആധുനിക ഉപകരണങ്ങൾ സേനയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>(ബി)യും (സി)യും</u>

ചുവടെ പറയുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയതിൻ പ്രകാരം അവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1) ടെൺ ടേബിൾ ലാഡ്ഡർ
2) സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ട്.
3) പോർട്ടബിൾ എയർ കംപ്രസ്സർ
4) ആട്ടോമാറ്റിക് ഹൗസ് ബൈൻഡിംഗ് മെഷീൻ.
5) വയർലെസ്സ് സെറ്റ്.
6) ഹൈ റെസിസ്റ്റന്റ് ഫയർ ഹെൽമെറ്റ്.
7) എമർജൻസി ടെണ്ടർ.
8) മിനി വാട്ടർ ടെണ്ടർ.
9) ഫയർ ബോട്ടുകൾ.
10) വാട്ടർ ബൗസറുകൾ.
11) സ്കൂബാ വെഹിക്കിൾസ്.
12) എയർ കംപ്രസ്സർ.
13) റബ്ബർ ഡിങ്കി.
14) ഹോസ് ബൈൻഡിംഗ് മെഷീൻ.

സെക്ഷൻ ഓഫീസർ